# US PROFILES



## ഡിൻസിൽ ജോർജ്ജ്

emalayalee.com



# അവഗണിക്കപ്പെടുന്നവരെ ചേർത്തുനിർത്താൻ മനസ്സ് വിശാലമാക്കണം: ഡിൻസിൽ ജോർജ്ജ്

◉ മീട്ടു റഹ്മത്ത് കലാം

1961ൽ ജോൺ എഫ്.കെന്നഡി അമേരിക്കൻ പ്രസിഡന്റായി അധികാരമേറ്റപ്പോൾ, അതുവരെ ആളുകളിൽ നിന്ന് മറച്ചുപിടിച്ച തന്റെ സഹോദരിയെ സമൂഹമധ്യത്തിലേക്ക് ആനയിച്ചു. അവളുടെ സംരക്ഷണ  ചുമതല സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും കെന്നഡി ഊന്നിപ്പറഞ്ഞു. ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങളുടെ പേരിൽ ജീവിതം ഒറ്റമുറിയിൽ ഒതുങ്ങിപ്പോയ അനേകർക്ക് ഇത് വലിയ ആശ്വാസമായി. ന്യൂയോർക്ക് സ്റ്റേറ്റിന് കീഴിൽ ശാരീരികവും മാനസികവുമായ പരിമിതികൾ നേരിടുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒപിഡബ്ലിയുഡിഡി യിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലേറെയായി പ്രവർത്തിക്കുന്ന മലയാളിയും സാമൂഹിക പ്രവർത്തകനുമായ ഡിൻസിൽ ജോർജ്ജിനും ഈ വിഷയവുമായി ബന്ധപ്പെട്ട് ഏറെ പറയാനുണ്ട്. നോർത്ത് ഹെമ്പ്സ്റ്റഡ് ഇന്ത്യൻ മലയാളി അസോസിയേഷൻ പ്രസിഡന്റ്,വൈസ് മെൻസ് ഇന്റർനാഷണൽ ക്ലബ് ലോങ്ങ് ഐലൻഡ് ചാപ്റ്റർ സെക്രട്ടറി എന്നിങ്ങനെ നിരവധി സ്തുത്യർഹമായ സ്ഥാനങ്ങൾ വഹിക്കുന്ന അദ്ദേഹം, ഇത്തവണ ക്വീൻസിൽ നടന്ന ഇന്ത്യ ഡേ പരേഡിന്റെ ചെയർമാൻ എന്ന നിലയിലും ശ്രദ്ധപിടിച്ചുപറ്റി.

**അങ്കമാലിയിലെ ബിസിനസ് കുടുംബത്തിൽ നിന്ന് അമേരിക്കയിലേക്ക് എത്തപ്പെട്ടത്?**

പി.പി.ജോർജ്ജിന്റെയും കുഞ്ഞമ്മ ജോർജ്ജിന്റെയും നാലുമക്കളിൽ മൂന്നാമനായി അങ്കമാലിയിലാ

emalayalee.com





ണ് ജനിച്ചത്. പിതാവ് 1960 ൽ ചെറിയ രീതിയിൽ തുടങ്ങിയ പ്രിന്റിങ് പ്രസ്,ഏഴുവർഷത്തെ ശ്രമഫലമായി നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോയി. എൻഎച്ച് - 47 ൽ അങ്കമാലി പ്രീമിയർ പ്രിന്റേഴ്സ് ഇപ്പോഴും പ്രസിദ്ധമാണ്. സ്ഥാപനത്തിന്റെ പേര് പിന്നീട്

പി.പി.ജോർജ് ആൻഡ് സൺസ് പ്രിന്റേഴ്സ് ആൻഡ് പബ്ലിഷേഴ്സ് എന്നാക്കി. ആറാം ക്ലാസ് വരെ കോൺവെന്റ് സ്കൂളിലാണ് പഠിച്ചത്. ഊട്ടിയിലെ കോട്ടഗിരി പബ്ലിക് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. എറണാകുളം സെന്റ് ആൽബർട്സിൽ നിന്ന് ഡിഗ്രി കഴിഞ്ഞ് കമ്പ്യൂട്ടർ കോഴ്സ് ചെയ്ത ശേഷം ഞങ്ങളുടെ തന്നെ കളർ കാർട്ടൺസ് ,റോയൽ കാർട്ടൺസ്,പ്രീമിയർ പ്രിന്റേഴ്സ് എന്നിവ നോക്കിനടത്തിയിരുന്നു. ആ സമയത്താണ് ഡാഡിയുമായി ബിസിനസ് ട്രിപ്പിന് വിസിറ്റിംഗ് വിസയിൽ അമേരിക്കയിൽ എത്തുന്നത്.

**ബിസിനസ് ട്രിപ്പിന് അമേരിക്കയിൽ എത്തിയ വർഷം തന്നെയാണോ ജീവിതസഖിയെ കണ്ടുമുട്ടിയത്?**

1988 ലാണ് ഇവിടേക്ക് വരുന്നത്. അന്ന് 22 വയസ്സേ ഉള്ളു. നാലാം വയസ്സുമുതൽ ഇവിടെ പഠിച്ചുവളർന്ന ഷേർളിയെ പരിചയപ്പെട്ടു.അതൊരു നിമിത്തമോ ദൈവനിയോഗമോ ആയിരുന്നിരിക്കാം. വ്യത്യസ്ത സംസ്കാരങ്ങളിൽ ജീവിച്ചിട്ടും ഞങ്ങളെ തമ്മിൽ കോർത്തിണക്കുന്ന എന്തോ ഒരു വൈബ് അനുഭവപ്പെട്ടതോടെ വീട്ടുകാരോട് പറഞ്ഞു. ഉടനെ തന്നെ എൻഗേജ്മെന്റും പിറ്റേ വർഷം നാട്ടിൽ വച്ച് കല്യാണവും നടന്നു. ഭാര്യയ്ക്ക് അമേരിക്കൻ പൗരത്വമുള്ളതുകൊണ്ട് വേഗം തന്നെ എനിക്ക് വേണ്ടി ഫയൽ ചെയ്തു. പിന്നീട് ജീവിതം ഇവിടേക്ക് പറിച്ചുനട്ടു.



**മൂന്ന് പതിറ്റാണ്ടിലേറെയായ പ്രവാസജീവിതം തിരിഞ്ഞുനോക്കുമ്പോൾ?**

തിരിഞ്ഞുനോക്കുമ്പോൾ സംതൃപ്തനാണ്.ആഗ്രഹിച്ചതും താല്പര്യമുള്ളതുമായ കാര്യങ്ങളാണ് ചെയ്യുന്നത്.

32 വർഷമായി സാമൂഹികസേവനരംഗത്തുണ്ട്. ന്യൂയോർക്ക് സ്റ്റേറ്റിന് കീഴിൽ ശാരീരികവും മാനസികവുമായ പരിമിതികൾ നേരിടുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒപിഡബ്ലിയുഡിഡി(ഓഫിസ് ഫോർ പീപ്പിൾ വിത് ഡെവലപ്മെന്റൽ ഡിസബിലിറ്റീസ്) യിൽ 1990 മുതൽ സേവനമനുഷ്ഠിക്കുകയാണ്.ഇപ്പോൾ അതിന്റെ അഡ്മിനിസ്ട്രേറ്ററാണ്.അതിനോടൊപ്പം തന്നെ ഗൾഫിൽ പാർട്ണർഷിപ്പ് ബിസിനസുണ്ട്. ഗ്ലാസ് വർക്കിന്റെ കമ്പനിയാണ്.

**ഒപിഡബ്ലിയുഡിഡി യുടെ പ്രവർത്തനങ്ങൾ ഒന്ന് വിശദീകരിക്കാമോ?**

2017 മുതൽ ന്യൂയോർക്ക് സ്റ്റേറ്റ് പുറപ്പെടുവിച്ച ഉത്തരവ് വലിയൊരു മാറ്റമാണ് കൊണ്ടുവന്നത്. വൈകല്യങ്ങളുടെ പേരിൽ സാധാരണജീവിതം സാധ്യമാകാതെ ഒരു മൂലയ്ക്ക് ഒതുക്കിനിർത്തിയവ



രെ ചേർത്തുപിടിക്കുന്നതായിരുന്നു ആ തീരുമാനം. ഏതെങ്കിലും സ്ഥാപനങ്ങളിൽ കഴിയേണ്ടവർ അല്ല അവരെന്നും സ്വന്തം വീടുകളിൽ കഴിയാൻ അവർക്ക് അവകാശമുണ്ടെന്നും സ്റ്റേറ്റ് അറിയിച്ചു.സമൂഹവുമായി ചേർന്ന് ജീവിക്കാൻ ശാരീരികവും മാനസികവുമായി പരിമിതികളുള്ളവർക്ക് സ്റ്റേറ്റ് തന്നെ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. ഫ്രണ്ട് ഡോർ ഓഫിസിന്റെ മാൻഹാട്ടൻ യൂണിറ്റിന്റെ മേധാവിയാണ് ഞാൻ. സേവനങ്ങൾ ആർക്കൊക്കെ ലഭിക്കുമെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുന്നത് ഈ ഫ്രണ്ട് ഡോറിലൂടെയാണ്. ഫോമായുടെ മെന്റൽ ഹെൽത്ത് പ്രോഗ്രാമുമായി സഹകരിച്ച് മലയാളികൾക്ക് ഇതിനെക്കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.



**അവഗണന നേരിടുന്ന വിഭാഗത്തോടുള്ള സഹാനുഭൂതിയാണോ ഇങ്ങനൊരു തൊഴിൽമേഖല തിരഞ്ഞെടുക്കാൻ പ്രേരണയായത്?**

സഹോദരി സൈക്കോളജി പഠിച്ചതാണ്.ചേച്ചിയുടെ കൂടെ പല പ്രാക്ടിക്കൽ സെഷനും പോയിട്ടുണ്ട്. നമ്മുടെ നാട്ടിൽ അതിനെ ഭ്രാന്താശുപത്രി എന്ന് വിളിക്കുന്നതുതന്നെ കേൾക്കുമ്പോൾ ബുദ്ധിമുട്ടാണ്. വളരെയധികം അവഗണിക്കപ്പെടുന്ന വിഭാഗത്തോട് ആർക്കും തോന്നാവുന്ന സഹാനുഭൂതി അന്നേ തോന്നിയിരുന്നു. വീട്ടിൽ അങ്ങനൊരാൾ ഉള്ളത് കുറവായി കാണുന്ന സമൂഹം ഒരുപാട് ചോദ്യങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്.

സമൂഹത്തിൽ മാറ്റം കൊണ്ടുവരിക എന്ന വലിയ ഉത്തരവാദിത്തം ഞാൻ പഠിച്ചത് ന്യൂയോർക്കിലെ ജോലിയിലൂടെയാണ്. നമ്മുടെ കമ്മ്യൂണിറ്റിയിൽ പലരും ഇങ്ങനൊരു കുട്ടിയെ ബാധ്യതയായി കാണാറുണ്ട്. ചെറിയ ശമ്പളത്തിൽ കഴിയുമ്പോൾ അവരുടെ കാര്യങ്ങൾക്കുവേണ്ടി നല്ലൊരു തുക ചിലവ് വരുമെന്നാണ് അവർ ആശങ്കപ്പെടുന്നത്. സർവ്വ ചെലവുകളും വഹിച്ചുകൊണ്ട് അവരെ നോക്കാൻ സ്റ്റേറ്റ് സന്നദ്ധമാണെന്ന് അറിയാത്തവർക്ക് ആ അറിവ് പകർന്നുനൽകാൻ കഴിയുന്ന അവസരങ്ങളിലെല്ലാം ശ്രമിക്കാറുണ്ട്.

**ഇത്തരം സേവനങ്ങൾ സ്വീകരിക്കാൻ മുന്നോട്ടുവരുന്ന മലയാളികളുടെ അനുപാതം കുറവാണോ?**

ക്വീൻസിലെ ഓഫീസിൽ ആയിരുന്നപ്പോൾ, രക്ഷകർത്താവിന് 2 മണിക്കൂർ ദൈർഘ്യമുള്ള ഇൻഫൊർമേഷൻ സെഷൻ കൊടുക്കേണ്ട ഉത്തരവാദിത്തം എനിക്കായിരുന്നു. എന്തൊക്കെ സേവനങ്ങൾ



ലഭ്യമാണെന്നും മുന്നോട്ടുള്ള നീക്കങ്ങൾ എങ്ങനെ ആയിരിക്കുമെന്നും ഇതിലൂടെയാണ് വിശദമാക്കുന്നത്. ഫെഡറൽ ഗവണ്മെന്റും സ്റ്റേറ്റ് ഗവണ്മെന്റും ചേർന്ന് എല്ലാ സൗകര്യങ്ങളും നൽകാൻ തയ്യാറായിട്ടും നമ്മൾ അത് എന്തുകൊണ്ട് പ്രയോജനപ്പെടുത്തുന്നില്ല എന്ന് ഞാൻ ചിന്തിക്കാറുണ്ട്.ഹിന്ദിക്കാരും ബംഗാളികളും നമ്മൾ ഇന്ത്യൻ ആണെന്ന് കണ്ടാൽ കൂടുതൽ മനസ്സ് തുറക്കും.എന്നാൽ, മലയാളികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ മറ്റൊരു മലയാളി അറിയുന്നത് അത്ര ഇഷ്ടമല്ല. ചിലർ അവരുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി സർവീസ് അന്വേഷിച്ച് വരുമ്പോൾ ഞാൻ മലയാളിയാണെന്ന് മനസ്സിലാക്കി പിൻവലിഞ്ഞിട്ടുണ്ട്. അവരെ ചേർത്തുപിടിച്ച് ഇത് ദൈവം തന്ന കുഞ്ഞാണെന്നും ആർക്കും ഇങ്ങനൊരു അവസ്ഥ ഉണ്ടാകാമെന്നും ബോധവൽക്കരിക്കും. നമ്മുടെ ആളുകളുടെ മനസ്ഥിതിയിലും കാഴ്ചപ്പാടിലും കൂടുതൽ മാറ്റം അനിവാര്യമാണ്.



**പ്രൊഫഷണൽ ജീവിതത്തിലെ മറക്കാനാകാത്ത അനുഭവം?**

21 വയസ്സുള്ള പഞ്ചാബി പെൺകുട്ടിക്കുവേണ്ടി നിറകണ്ണുകളോടെയാണ് അവളുടെ മാതാപിതാക്കൾ മുന്നിൽ വന്നത്. മകളുടെ ഫോട്ടോ അവരെന്നെ കാണിച്ചു. മിസ് ഇന്ത്യ, മിസ് യുഎസ്എ എന്നൊക്കെ ടൈറ്റിൽ കിട്ടാൻ യോഗ്യതയുള്ളത്ര സൗന്ദര്യം. മെഡിസിനു പഠിച്ചുകൊണ്ടിരിക്കുമ്പോൾ കാറപകടത്തിൽ തലയ്ക്കടിയേറ്റതോടെ ചിത്രശലഭത്തെപ്പോലെ പാറിനടന്ന അവളുടെ ചിറകുകൾ കൊഴിഞ്ഞുവീണു. ഇത് നാളെ ഏത് കുടുംബത്തിലും സംഭവിക്കാവുന്നതാണ്. അംഗപരിമിതരായി ജനിക്കുന്ന കുഞ്ഞുങ്ങളെ നോക്കി സഹതപിക്കുന്നവർ, അടുത്ത നിമിഷം ഒരു ആക്സിഡന്റിൽ തനിക്കും ഇത് സംഭവിച്ചേക്കാം എന്ന് മനസിലാക്കണം. ആ മാതാപിതാക്കളെ ആശ്വസിപ്പിച്ച്, മകൾക്ക് ആവശ്യമായ സർവീസ് ഉടനടി ലഭ്യമാക്കി. ഇതുപോലുള്ള ഓരോ അനുഭവവും മനുഷ്യർ എത്ര നിസ്സാരരാണെന്ന് ഓർമ്മപ്പെടുത്തും.

**ഇത്തരം സേവനങ്ങളുടെ ഭാഗമാകുമ്പോൾ അനുഭവപ്പെടുന്ന വികാരം?**

മറ്റുള്ളവരുമായി എങ്ങനെ ഇടപെടണം എന്നറിയാത്ത കുട്ടികൾക്ക് അതിന് വേണ്ട പരിശീലനം ഞങ്ങൾ നൽകുന്നുണ്ട്. അവരെ സ്വയം പര്യാപ്തരാക്കുകയാണ് ലക്ഷ്യം.പൊതുഗതാഗത സൗകര്യം ഉപയോഗിക്കാനുമൊക്കെ നമ്മുടെ ട്രെയ്നർ ഒപ്പം നിന്ന് പഠിപ്പിക്കും.

രക്ഷകർത്താക്കൾ എന്ന നിലയിൽ ലഭിക്കാവുന്ന ഏറ്റവും വിലയേറിയ സേവനങ്ങളാണ് നിങ്ങൾ മുഖേന ഞങ്ങൾക്ക് ലഭിച്ചതെന്ന് ഓരോരുത്തരും പറയുമ്പോൾ വല്ലാത്ത സംതൃപ്തി തോന്നും.

**ന്യൂയോർക്കിനു പുറമേ മറ്റു സ്റ്റേറ്റുകളും ഇത്തരം സേവനങ്ങൾ നൽകുന്നുണ്ടോ?**

ന്യൂയോർക്കാണ് ഇത്തരം സേവനങ്ങൾ നൽകു





ന്നതിൽ മുൻപന്തിയിൽ. ഫ്ലോറിഡ,പെൻസിൽവേനിയ തുടങ്ങിയ സ്റ്റേറ്റുകളിലെ സർവീസ് ലഭിച്ചവർ ഇവിടെ വരുമ്പോൾ അത് എടുത്തുപറയാറുണ്ട്.

കോവിഡ് മഹാമാരി ഇക്കൂട്ടരെ കൂടുതൽ ഒറ്റപ്പെടുത്തി. ഒരുപാട് കുട്ടികളെ അത് വിഷാദം പോലുള്ള അവസ്ഥയിലേക്ക് തള്ളിവിട്ടു.ഓൺലൈൻ പ്രോഗ്രാമുകൾ വഴി അവരുടെ മാനസിക നില മെച്ചപ്പെടുത്താൻ ശ്രമിച്ചിരുന്നു.

**സംഘടനാപ്രവർത്തനങ്ങൾ?**

നോർത്ത് ഹെമ്പ്സ്റ്റഡ് ഇന്ത്യൻ മലയാളി അസോസിയേഷൻറെ പ്രസിഡന്റാണ്. അമേരിക്കൻ മുഖ്യധാര രാഷ്ട്രീയത്തിലേക്ക് മലയാളികളായ യുവാക്കളെ ഡെമോക്രാറ്റിക് പാർട്ടി എന്നോ റിപ്പബ്ലിക്കൻ എന്നോ വ്യത്യാസമില്ലാതെ എല്ലാവിധ പിന്തുണയും നൽകി എത്തിക്കാനാണ് സംഘടന ലക്ഷ്യമിടുന്നത്. നിലവിൽ ധാരാളം മലയാളി വോട്ടർമാരുണ്ട്. അതു മാത്രം പോരാ. നേതൃനിരയിലേക്കും നമ്മുടെ വരും തലമുറയുടെ കയ്യൊപ്പുണ്ടാകണം.

കലാവേദി ഇന്റർനാഷണലിന്റെ സെക്രട്ടറി സ്ഥാനം വഹിച്ചിട്ടുണ്ട്.തിരുവനന്തപുരത്തുള്ള മിത്രാനികേതനിലെ നിരാലംബരായ കുട്ടികൾക്ക് കംപ്യൂട്ടർ പോലെ എല്ലാ സൗകര്യങ്ങളുമുള്ള ലൈബ്രറിഞങ്ങൾ സജ്ജമാക്കി.ജാതിയോ മതമോ പോലുള്ള മാനദണ്ഡങ്ങൾക്ക് അതീതമായി കല മാത്രം മുൻനിർത്തിയാണ് സംഘടനയുടെ പ്രവർത്തനം.

**വൈസ് മെൻസ് ഇന്റർനാഷണൽ ക്ലബ് ലോങ്ങ് ഐലൻഡ് ചാപ്റ്ററിന്റെ സെക്രട്ടറിയാണ്.**

ജൂലൈയിൽ കാനഡയിൽ ക്രൂസിൽ വച്ച് സംഘടനയുടെ ഇന്റർനാഷണൽ കോൺഫറൻസ് നടത്തിയിരുന്നു.ഡെന്മാർക്കിൽ നിന്നടക്കം 350 പേർ പങ്കെടുത്തു. പാവങ്ങൾക്ക് വസ്ത്രം,ഭക്ഷണം തുടങ്ങിയവ വിതരണം ചെയ്യുന്നതാണ് വൈസ് മെൻ ക്ലബ് പ്രധാനമായും ചെയ്യുന്നത്. ലോകത്തിന്റെ വിവിധ ഭാഗത്തുള്ള കുട്ടികളെ സ്പോൺസർ ചെയ്യുന്നുമുണ്ട്. കോവിഡ് മൂലം പ്രതിസന്ധിയിലായ ഒരു കലാകാരന്റെ കുടുംബത്തെ സഹായിക്കാനുള്ള അഭ്യർത്ഥന ഒരു പള്ളിയിലച്ചനിലൂടെ ലഭിച്ചപ്പോൾ മുതൽ കേരളത്തിലേക്കും സംഘടനയുടെ ചാരിറ്റി പ്രവർത്തനങ്ങൾ വിപുലീകരിച്ചു.ഇത്തവണയും അത് തുടരുന്നുണ്ട്.കേരള സമാജത്തിലും അംഗമാണ്.ബ്രെത്റൻ ഫെയ്ത്ത് വിശ്വാസിയായതുകൊണ്ട് ചർച്ചിന്റെ പ്രവർത്തനങ്ങളിലും സജീവമാണ്.

**നേട്ടങ്ങൾ? അംഗീകാരങ്ങൾ?**

ഇന്ത്യ ഡേ പരേഡിന്റെ നടത്തിപ്പിന് സെനറ്റർ കെവിൻ തോമസിൽ നിന്ന് സൈറ്റേഷൻ ഏറ്റുവാങ്ങാൻ സാധിച്ചു.കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന ഏറ്റവും പഴക്കമേറിയ അമേരിക്കൻ മലയാളി സംഘടനയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന് എംസി ആയി പ്രവർത്തിക്കാൻ സാധിച്ചു.ഫോമായുടെ നാഷണൽ കമ്മിറ്റി അംഗമായിരുന്നു. ഇത്തവണ അതിൽ നിന്ന് ഇടവേള എടുത്തെങ്കിലും പ്രാദേശിക പ്രവർത്തനങ്ങളിൽ സജീവമാണ്.



**ഇന്ത്യ ഡേ പരേഡിന്റെ അമരക്കാരനായപ്പോൾ?**

ഇന്ത്യ ഡേ പരേഡ് എഫ്-ബിഐഎംഎ എന്ന അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ്. കമ്മിറ്റിയാണ് എന്നെ ഇത്തവണത്തെ പരേഡ് ഡേ ചെയർമാനാക്കാൻ തീരുമാനമെടുത്തത്.ആ അസോസിയേഷൻ വഴിയാണ് ഓഗസ്റ്റ് 13 ന് ക്വീൻസിൽ നടന്ന പരേഡിന്റെ നടത്തിപ്പിന് അവസരം ഒരുങ്ങിയത്. ന്യൂയോർക്കിലെ അനേകം അസോസിയേഷനുകൾ ഇതിൽ പങ്കെടുത്തു.നമ്മുടെ ജന്മനാടിന്റെ പൈതൃകവും സംസ്കാരവും ജീവിക്കുന്ന രാജ്യത്തിന് കാണിച്ചുകൊടുക്കാനാണ് ഇതിലൂടെ ശ്രമിച്ചത്. ന്യൂയോർക്ക് സിറ്റി മേയർ എറിക് ആഡംസായിരുന്നു മുഖ്യാതിഥി.ഗ്രാൻഡ് മാർഷലായി ബോളിവുഡ് നടി കരിഷ്‌ക സോണിയും എത്തി.ചെണ്ടവാദ്യത്തിന്റെയും പഞ്ചാബി ഡോലക്കിന്റെയും താളമേളങ്ങളുടെ അകമ്പടിയോടെ ക്വീൻസ് ഹിൽസൈഡിലൂടെ ഒന്നര മൈൽ നടന്ന് നിറപ്പകിട്ടാർന്ന പരേഡ് കാഴ്ചവയ്ക്കാൻ സാധിച്ചതിൽ അഭിമാനമുണ്ട്.


**പ്രസിഡൻഷ്യൽ ഇലക്ഷനിലടക്കം ഇന്ത്യക്കാർ സാന്നിധ്യം അറിയിക്കുന്നുണ്ടല്ലോ, ഈ മാറ്റത്തെ എങ്ങനെ കാണുന്നു?**

വിവേക് രാമസ്വാമിയെപ്പോലെ പാലക്കാട് നിന്നൊരാൾ 2024 ൽ അമേരിക്കയുടെ പ്രസിഡൻഷ്യൽ ക്യാൻഡിഡേറ്റ് ആകുന്നത് അഭിമാനകരമായ നേട്ടമാണ്. വളരെ പ്രസക്തമായ കാര്യങ്ങൾ വ്യക്തതയോടെ പറഞ്ഞു ഫലിപ്പിക്കാൻ സാധിക്കുന്നതാണ് അദ്ദേഹത്തിൽ ഞാൻ കാണുന്ന പ്ലസ്. ജയിച്ചാലും ജയിച്ചില്ലെങ്കിലും യുവാക്കൾക്കിടയിൽ ഒരു ഓളം സൃഷ്ടിക്കാൻ രാമസ്വാമിക്ക് കഴിഞ്ഞിട്ടുണ്ട്. 2018 ൽ ഇപ്പോഴത്തെ സെനറ്റർ കെവിൻ തോമസിന്റെ ആദ്യ മീറ്റിംഗിൽ ഞാനും ഉണ്ടായിരുന്നു. യുഎസ് കോൺഗ്രസ് അംഗമായി മത്സരിക്കാൻ അദ്ദേഹം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപോലെ മലയാളികൾക്ക് പ്രതീക്ഷയും കരുത്തും നൽകുന്ന ഒട്ടേറെപ്പേരുണ്ട്.



**കുടുംബം?**

2019 ൽ പിതാവ് മരണപ്പെട്ടു.അമ്മ നാട്ടിലാണ്.രണ്ട് ചേച്ചിമാരും ഒരനിയനുമുണ്ട്. മൂത്തസഹോദരി കുടുംബസമേതം അമേരിക്കയിലാണ്.രണ്ടാമത്തെ സഹോദരിയും അനിയനും മക്കൾ ഇവിടെയുള്ളതുകൊണ്ട് ഇടയ്ക്ക് വരും.




ഭാര്യ ഷേർളി ലോങ്ങ് ഐലൻഡ് ഡിവിഷനിലെ ഹോസ്പിറ്റലിൽ ബിസിനസ് ഇൻ ചാർജാണ്. മൂത്ത മകൾ ജാക്വലിൻ ബയോ മെഡിക്കൽ എഞ്ചിനീയറിങ് കഴിഞ്ഞ് ലോങ്ങ് ഐലൻഡ് റെയിൽ റോഡ് സീനിയർ കണ്ടക്ടറായി ജോലി ചെയ്യുന്നു. ഒരുപാട് ടെസ്റ്റുകൾ എഴുതി ലഭിക്കുന്ന ജോലിയാണത്. ആ രംഗത്ത് അധികം മലയാളികളില്ല. ബിസിനസിലും താല്പര്യമുണ്ട്. രണ്ടാമത്തെ മകൾ കെയ്റ്റ്ലിൻ വിവാഹം കഴിഞ്ഞ് ഭർത്താവ് ബ്രയൻ വർഗീസിനും ഒന്നരവയസ്സുള്ള മകൾ എലീനയ്ക്കുമൊപ്പമാണ് താമസം.കെയ്റ്റ്ലിനൊരു ലൈസൻസ്ഡ് സോഷ്യൽ വർക്കറാണ്. ബ്രയനാണ് ഇന്ത്യ ഡേ പരേഡിൽ മോട്ടർ ബൈക്ക് ഗ്രൂപ്പിനെ അറേഞ്ച് ചെയ്തത്. കൊച്ചുമകൾ ത്രിവർണ്ണപതാകയും പിടിച്ച് നിന്നതൊക്കെ മനസ്സ് നിറച്ച മുഹൂർത്തമാണ്. മകൻ ആരൺ സൗത്ത് നാസ്വ ഹോസ്പിറ്റലിൽ ഫിനാൻസ് കോ-ഓർഡിനേറ്ററായിരുന്നു. ഇപ്പോൾ എം.ബി.എ പൂർത്തിയാക്കി വോൾ സ്ട്രീറ്റ് ഫിനാൻസിലേക്ക് ഇറങ്ങാനുള്ള തയ്യാറെടുപ്പിലാണ്.




emalayalee.com